# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 20 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2017@gmail.com

Facebook Page: Sabarimalamediacentreiprdgok


## ശബരിമല തിരുനട അടച്ചു

മണ്ഡല മകരവിളക്ക് മഹോത്സവത്തിനും മകരമാസ പൂജകൾക്കും ശേഷം ഇന്നലെ (20) രാവിലെ ശബരിമല ക്ഷേത്രത്തിന്റെ തിരുനട അടച്ചു. രാവിലെ രാജപ്രതിനിധി പി. ജി. ശശികുമാര വർമ്മ അയ്യപ്പദർശനം നടത്തി. ആറുമണിക്ക് നട തുറന്ന് നിർമാല്യദർശനവും അഭിഷേകവും മഹാഗണപതിഹോമവും നടന്നു. തുടർന്ന് സന്നിധാനത്ത് സൂക്ഷിച്ച തിരുവാഭരണ പേടകവുമായി പേടകവാഹക സംഘം പതിനെട്ടാം പടിയിറങ്ങി. അവസാനമായി കാനനവാസനെ ദർശിക്കുവാനുള്ള അവസരം രാജപ്രതിനിധിക്കായിരുന്നു. ദർശനം പൂർത്തിയാക്കി ശ്രീകോവിൽ നടയടച്ച് താക്കോലുമായി പതിനെട്ടാംപടിയിറങ്ങിയ രാജപ്രതിനിധിയെ ശബരിമല ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, മേൽശാന്തി ടി. എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി, ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ രവിശങ്കർ, ദേവസ്വത്തിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സ്വീകരിച്ചു. ശ്രീകോവിലിൻെറ താക്കോൽ രാജപ്രതിനിധി മേൽശാന്തിക്ക് കൈമാറി. അടുത്ത തീർത്ഥാടനകാലത്തെ പൂജാദികർമങ്ങൾക്കുള്ള പണക്കിഴി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് നൽകി. ആചാരപ്രകാരം കഴിഞ്ഞ വർഷത്തെ വരുമാന വിഹിതം രാജപ്രതിനിധിക്ക് ദേവസ്വം അധികൃതർ കൈമാറി.

## മാളികപ്പുറത്ത് ഗുരുതി നടത്തി

മണ്ഡല മകരവിളക്ക് മഹോത്സവത്തിൻെറ സമാപനം കുറിച്ച് ദോഷപരിഹാരങ്ങൾക്കും കൈപ്പിഴകൾ ശമിക്കുന്നതിനുമായി മാളികപ്പുറത്ത് കുന്നയ്ക്കാട്ട് കുറുപ്പൻമാരുടെ നേതൃത്വത്തിൽ 19 ന് രാത്രിയിൽ ഗുരുതി നടത്തി. എല്ലാ വർഷവും മകരവിളക്ക് മഹോത്സവം കഴിഞ്ഞ് നടയടയക്കുന്നതിന്റെ തലേദിവസം രാത്രിയിൽ മാളികപ്പുറത്ത് ഗുരുതി നടത്താറുണ്ട്. കുന്നയ്ക്കാട്ട് കുറുപ്പൻമാർക്ക് ഗുരുതിയും കളമെഴുത്ത് പാട്ടും നടത്തുവാൻ പന്തളം രാജാവ് ആചാരപ്രകാരം അനുവാദം നൽകിയതാണ് . അയ്യപ്പൻെറ കളമെഴുത്തും പാട്ടും നടത്തിയ മാളികപ്പുറത്ത് മണിമണ്ഡപത്തിന് സമീപമാണ് ഗുരുതി നടത്തിയത്. ഗുരുതി നടത്തിയവർക്ക് പന്തളം രാജപ്രതിനിധി പി. ജി. ശശികുമാര വർമ്മ ദക്ഷിണ നൽകിയതോടെയാണ് ഗുരുതി സമാപിച്ചത്. ഗുരുതി ചടങ്ങുകൾ വീക്ഷിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്കൊപ്പം നിരവധി അയ്യപ്പഭക്തർ മാളികപ്പുറത്ത് എത്തിയിരുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.